**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 246** — **26.09.2016 ൽ മറുപടിക്ക്**

## തലശ്ശേരി ജനറൽ ആശുപത്രിയിലെ ഗെയ്റ്റ് പാസ് അഴിമതി

| ചോദ്യം<br>ശ്രീ.എ. എൻ. ഷംസീർ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തലശ്ശേരി ജനറൽ ഹോസ്പിറ്റലിൽ നടന്ന ഗെയ്റ്റ് പാസ് അഴിമതിയിൽ പത്തൊൻപതു ലക്ഷത്തിന്റെ നഷ്ടമുണ്ടായെന്ന എ.ജി. യുടെ കണ്ടെത്തലിൽ എന്ത് നടപടി സ്വീകരിച്ചു; | (എ) | തലശ്ശേരി ജനറൽ ആശുപത്രിയിൽ അക്കൗണ്ടന്റ് ജനറൽ നടത്തിയ കണക്ക പരിശോധനയിൽ ഗേറ്റ് പാസ് അഴിമതിയിൽ ഏകദേശം 17,45,515/- രൂപയുടെ അഴിമതി കണ്ടെത്തിയിട്ടുണ്ട്. ജില്ല മെഡിക്കൽ ഓഫീസിൽ നടത്തിയ അന്വേഷണത്തിൽ 9,11,750/- രൂപയാണ് കണ്ടെത്തിയിട്ടുള്ളത്. ഇതിൽ ശ്രീ.രാമൻ, ഹെഡ് സെക്യൂരിട്ടി 5,00,000/- രൂപ തിരിച്ചടച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ പോലീസ് വിശദമായ അന്വേഷണം നടത്തി ക്രൈം നമ്പർ 53/2014 ആയി കോടതിയിൽ കേസ് രജിസ്റ്റർ ചെയ്യുകയും താൽക്കാലിക ജീവനക്കാരനായ ശ്രീ.രാമന്റെ പേരിൽ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഏത് ജീവനക്കാരനു നൽകിയ പാസ് വേഡ് ഉപയോഗിച്ചാണ് വെട്ടിപ്പ് നടത്തിയത്; | (ബി) | ഫിനാൻസ് വിങ്ങ് നടത്തിയ അന്വേഷണത്തിൽ സെക്യൂരിറ്റി ഹെഡ്ഡിന് ലഭിച്ച പാസ് വേർഡ് ഉപയോഗിച്ചാണ് വെട്ടിപ്പ് നടത്തിയത്. ശ്രീ.രാമൻ ആയിരുന്നു സെക്യൂരിറ്റി ഹെഡ്. |
| (സി) | വെട്ടിപ്പ് നടത്താൻ പാസ് വേഡ് നൽകിയ സ്ഥിരം ഉദ്യോഗസ്ഥനിൽ നിന്ന് ഈ തുക ഈടാക്കിയിട്ടുണ്ടോ; | (സി) | സ്ഥിരം ഉദ്യോഗസ്ഥന്റെ പേര് അക്കൗണ്ടന്റ് ജനറലോ ഫിനാൻസ് വിങ്ങോ പോലീസോ അറിയിച്ചിട്ടില്ല. ആയതിനാൽ നടപടിയെടുത്തിട്ടില്ല. അന്വേഷണം നടന്നു വരുന്നു. |
| (ഡി) | പത്തൊൻപതു ലക്ഷത്തിന്റെ പണാപഹരണം വി.എ. സി.ബി യെ ക്കൊണ്ട് അന്വേഷിപ്പിക്കുമോ? | (ഡി) | വിജിലൻസ് & ആന്റി-കറപ്ഷൻ ബ്യൂറോയെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ